കേരള സർക്കാർ

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1965 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 12/10/2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.11)1965 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 12/10/2017

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്.വിജയകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.09.2017 മുതൽ<br>23.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മൈക്കിൾ കെ.എ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കവിതാദേവി.വി.<br>അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീ.പ്രസാദ്.പി.ജി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.കവിത എസ്.കണ്ണൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മിനി എൽദോ | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.മിജോയ് മൈക്കിൾ | 01.04.16 മുതൽ 16.07.16 AN വരെ |
| | ശ്രീ.ടി.കെ.സന്തോഷ് | 16.07.16 AN മുതൽ 31.03.17 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി.ഷീന വർഗ്ഗീസ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. രഞ്ജൻ ജേക്കബ് | 01.04.2016 മുതൽ<br>04.08.2016 വരെ |
| | ശ്രീമതി ശ്രീലേഖ<br>ബി.ആർ. | 05.08.2016 മുതൽ<br>02.10.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി ഇന്ദു .ബി | 03.10.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സീജ.കെ.കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സ്മിത ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി വനജ പി.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സിനിമോൾ എം. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദീപ്തി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലത എ.ജി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശ്രീലാൽ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ. ടി.ആർ. ഷേർളി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയിൻ വർഗീസ് പാത്താടൻ | 01.04.2016 മുതൽ 16.08.2016 വരെ |
| | ബെൻസി എൻ. | 17.08.2016 മുതൽ 22.11.2016 വരെ |
| | ശ്രീ. ടി.കെ.സന്തോഷ് | 23.11.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക ഈടാക്കി | 1-13 |
| | ഭാഗം 2 | |
| 14 | വസ്തു നികുതി നിർണയിച്ചതിൽ അപാകത - 5984/- രൂപ നഷ്ടം | 2-1 |
| 15 | എഫ്.എ.ആർ- അധികഫീസ് ഈടാക്കിയില്ല 34055/-രൂപ നഷ്ടം | 2-2 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 2-3 |
| 17 | കുറഞ്ഞ പലിശ നിരക്കിൽ സ്ഥിരനിക്ഷേപം നടത്തി-രൂ 75000നഷ്ടം | 2-4 |
| 18 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ | 2-5 |

| | | |
|---|---|---|
| | തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | |
| 19 | അക്കൗണ്ട്സ് - അപാകതകൾ | 2-6 |
| | ഭാഗം 3 | |
| 20 | ബിറ്റുമിൻ വാങ്ങി നൽകിയ പ്രവൃത്തിയിൽ ഓവർഹെഡ് അനുവദിച്ചു -109573/- രൂപ നഷ്ടം | 3-1 |
| 21 | വക്കീൽ ഫീസ്- ആദായനികുതി ഈടാക്കിയില്ല | 3-2 |
| 22 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല | 3-3 |
| 23 | അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിനെ മറികടന്ന് ധനസഹായം നൽകി. | 3-4 |
| 24 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-5 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-6 |
| 26 | മരാമത്ത് പണികളിൽ മൽസരാധിഷ്ഠിത ടെണ്ടർ ലഭ്യമാവുന്നില്ല | 3-7 |
| 27 | ബയോഗ്യാസ് കമ്പോസ്റ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 28 | ആശ്രയ-പദ്ധതി-തുടർ നടപടികൾ സംബന്ധിച്ച് | 3-9 |
| 29 | ഹോമിയോ ഡിസ്പെൻസറി-മരുന്ന് ലഭിച്ചിട്ടില്ല | 3-10 |
| 30 | ജലനിധി പ്രോജക്റ്റ്-നിശ്ചലാവസ്ഥയിൽ | 3-11 |
| 31 | എ.ബി.സി. പ്രോജക്റ്റ്-നായകൾക്ക് കൂട് നിർമ്മാണം-പദ്ധതി അപാകതകൾ | 3-12 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 43 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 44 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 17,50,55,034 | 17,37,08,417 |
| വാർഷിക ധനകാര്യ പത്രിക | 7,02,96,723 | 6,14,93,158 |

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവു-ചെലവാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഡി.ബി.റ്റി.വഴിയുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വരവ്-ചെലവ് തുകയായ 47295495 രൂപയും ഇ.എഫ്.എം.എസ്. വഴിയുള്ള തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് തുകയായ 12405756 രൂപയും ഇതിൽ ഉൾപ്പെടുന്നില്ല. ഇവയുടെ കണക്കുകൾ ഉൾപ്പെടുത്തിയാലും ബജറ്റിലേയും വാർഷിക കണക്കിലേയും വരവു-ചെലവുകൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 ലെ വാർഷികധനകാര്യപത്രിക 31/07/2017 ൽ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ഖണ്ഡിക 2-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27669244.59 |
| വരവ് | 70296723.00 |
| ആകെ | 97965967.59 |
| ചെലവ് | 61493158.00 |
| നീക്കിയിരിപ്പ് | 36472809.59 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് % |
|---|---|---|---|
| വികസനഫണ്ട് - ജനറൽ | 12178822 | 8333087 | 68.4 |
| വികസനഫണ്ട്-എസ്.സി.പി. | 8489655 | 4952314 | 58.3 |
| വികസനഫണ്ട് - ടി.എസ്.പി. | 48183 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 6944085 | 2561185 | 36.8 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 3315675 | 1361804 | 41.07 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6830416 | 4059538 | 59.43 |
| ലോകബാങ്ക് ധനസഹായം | 4557267 | 1084700 | 23.80 |
| എം.എൻ.ആർ. ഇ.ജി.എസ്. | 13198774 (മുന്നിരിപ്പ് 1406) | 13197530 (നീക്കിയിരിപ്പ് 1650) | 100 |
| ബി ഫണ്ട് | 47321655 | 47321655 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 49325191 | 110 | 22352628 | 75 | 51 | 47 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ഉപേക്ഷിച്ചതിന്റെ കാരണം |
|---|---|---|---|---|---|---|
| 1 | 228 | പട്ടിക വർഗ്ഗക്കാർക്ക് ലാപ് ടോപ്പ് | 48183 | അസിസ്റ്റന്റ് സെക്രട്ടറി | 0 | ഗുണഭോക്താക്കൾ ഇല്ല |
| 2 | 116 | പട്ടിക ജാതിക്കാർക്ക് വിദേശയാത്രക്ക് ധനസഹായം | 100000 | അസിസ്റ്റന്റ് സെക്രട്ടറി | 0 | ഗുണഭോക്താക്കൾ ഇല്ല |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.80 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20306877 | 26598575 | (+) 6291698 | 30.98% |
| നികുതിയേതര വരവുകൾ | 3387789 | 3359846 | (-)27943 | 0.82% |
| മറ്റുവരവുകൾ | 450240 | 900295 | (+)450055 | 99.9% |
| ആകെ | 24144906 | 30858716 | (+)6713810 | 27.80% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26160 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 4038110 | 442 |
| വിധവാപെൻഷൻ | 13692520 | 1300 |
| വാർദ്ധക്യകാലപെൻഷൻ | 25785905 | 2640 |
| വികലാംഗപെൻഷൻ | 2847550 | 298 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 691410 | 68 |
| നിർദ്ധന വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2017 ൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 52,990/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത

ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽ നികുതി രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകൾ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിൽ ജാഗ്രത പുലർത്തുന്നില്ല. മിനിറ്റ്സ് തൃപ്തികരമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2017 | ജൂൺ 2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.2014 | 2009-10മുതൽ 2013-14 വരെ &2014-15 (സപ്ലിമെന്റ്) | 03.07.2014 |

## 1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17 ലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| തൊഴിൽ അപേക്ഷകർ | ജനറൽ | 2111 |
| | എസ്.സി/ എസ്.റ്റി | 764 |
| | ആകെ | 2875 |
| തൊഴിൽ കാർഡ് ഇഷ്യൂ ചെയ്തത് | | 2875 |
| തൊഴിൽ ലഭിച്ചവരുടെ എണ്ണം | | 856 |
| ആകെ തൊഴിൽ ദിനങ്ങൾ | | 34597 |
| 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | | 35 |
| 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | | 170 |
| ചെലവ് വിവരങ്ങൾ | സാധന വില | 13,74,000 |
| | തൊഴിൽ കൂലി | 1,10,32,000 |
| | ശമ്പളം/മറ്റ് ചെലവ് | 7,91,530 |
| | ആകെ ചെലവ് | 1,31,97,530 |

## 1-13 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക ഈടാക്കി

ഐറ്റം റേറ്റ് അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രൊജക്ട് നമ്പർ 171/17 പ്രകാരമുള്ള പകൽവീട് നിർമ്മാണം എന്ന പ്രവൃത്തിയിൽ ഒരിനം പ്രവൃത്തി അധികം ചെയ്തപ്പോൾ അധിക അളവിന് കുറഞ്ഞ നിരക്കുള്ള എസ്റ്റിമേറ്റ് നിരക്ക് അനുവദിക്കാതെ അധിക നിരക്കിലെ ടെണ്ടർ നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് 17922 രൂപ അധികം നൽകാൻ ഇടയായത് ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 17922 രൂപ 23-09-2017 ലെ രശീതി നമ്പർ 37361/15 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണയിച്ചതിൽ അപാകത - 5984/- രൂപ നഷ്ടം

(എ) അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 5-ാം വാർഡിലെ 430 A1 നമ്പർ കെട്ടിടം (79.83 $m^2$) പരിമള പി.എസ്, പ്രണവം, മേയ്ക്കാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമാണ്. എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടത്തിന് വാണിജ്യം എന്നതിന് പകരം വിദ്യാഭ്യാസമെന്ന ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 3/- രൂപ നിരക്കിൽ 216/- രൂപയാണ് വാർഷിക വസ്തുനികുതിയായി നിർണയിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ പുതുക്കിയ വസ്തുനികുതി വിജ്ഞാപനപ്രകാരം (എ4 1122/11,13.1.12 ) 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് ച.മീറ്ററിന് 35/- രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. ആയതിനാൽ മേൽ കെട്ടിടത്തിന് യഥാർത്ഥത്തിൽ നിർണയിക്കേണ്ട നികുതി 2515/- രൂപയാണ് (79.83 x 35 – 10%മേഖല ഇളവ്). തൻമൂലം വസ്തുനികുതിയിനത്തിൽ 2299/- രൂപ കുറവ് വന്നിട്ടുണ്ട്.

(ബി) അസസ്സ് മെന്റ് രജിസ്റ്റർ പ്രകാരം 16-ാം വാർഡിൽപ്പെട്ടതും കെ.റ്റി. യോഹന്നാൻ, ക്ലൂരൻ വീട്, മേയ്ക്കാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ 168 B നമ്പർ കെട്ടിടത്തിന് (134 $m^2$ ) 30.7.2014 പ്രാബല്യത്തിൽ ച.മീറ്ററിന് 60/- രൂപ നിരക്കിൽ 8844/- രൂപ വാർഷിക വസ്തുനികുതി (134 x 60 – 10% മേഖല ഇളവ് + 20%റോഡിന്റെ തരമനുസരിച്ചുള്ള വർദ്ധനവ് ) നിർണയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടത്തിന് ച.മീറ്ററിന് 35/- രൂപ നിരക്കിൽ 5159/- രൂപയാണ് വാർഷിക വസ്തുനികുതിയായി നിർണയിച്ചിട്ടുള്ളത്. തൻമൂലം 3685/- രൂപ . വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം വസ്തുനികുതിയിനത്തിൽ കുറവ് വന്ന 2299/- രൂപയും 3685/- രൂപയും ബന്ധപ്പെട്ട കെട്ടിടയുടമകളിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. (വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-6 /19.9.17) മറുപടി ലഭിച്ചത് സഞ്ചയ സൈറ്റ് ലോക്ക് ആയതിനാൽ തിരുത്താൻ സാധിക്കുന്നില്ല എന്നും സൈറ്റ് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് ഡിമാൻഡ് പുതുക്കുന്നതാണ് എന്നുമാണ്.

## 2-2 എഫ്.എ.ആർ- അധികഫീസ് ഈടാക്കിയില്ല 34055/-രൂപ നഷ്ടം

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ A2 ഗണത്തിൽ പെട്ട കെട്ടിടം (ലോഡ്ജിംഗ്) നിർമിക്കുന്നതിന് ശ്രീ അജയകുമാർ & ശ്രീ ജനഷ്, ലായം വീട്, മേയ്ക്കാട് പി.ഒ. എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എ 3 7227( 125) 16-17 നമ്പരായി ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. എ 2 കൈവശ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് പരമാവധി അനുവദനീയമായ എഫ്.എ.ആർ 1.50 ആണ്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 43 പട്ടിക 2 പ്രകാരം അധികരിച്ച എഫ്.എ.ആർ ന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ടതുണ്ട്. ഇപ്രകാരം ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം-3/18.9.17 )അധിക ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈടാക്കേണ്ട അധിക ഫീസിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു. ആയത് കെട്ടിടയുടമയിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം (ബേസ് മെന്റ് പാർക്കിംഗ്, ലിഫ്റ്റ് എന്നിവ ഒഴിവാക്കിയശേഷം) | 705.61$m^2$ |
| പ്ലോട്ട് വിസ്തീർണം | 425$m^2$ (4.25Ares) |
| അനുവദനീയമായ തറവിസ്തീർണം (425x1.50) | 637.5$m^2$ |
| അധികരിച്ച തറവിസ്തീർണം (705.61- 637.5) | 68.11$m^2$ |
| അധിക തറവിസ്തീർണത്തിന് ച.മീറ്ററിന് 500/- രൂപ നിരക്കിൽ ഈടാക്കേണ്ട അധിക ഫീസ് | രൂ. 34055 |

## 2-3 തൊഴിൽ നികുതി - അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്- 204 (1) (i,ii) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും തൊഴിലിലോ ബിസിനസിലോ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും അവരുടെ വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ചുമത്താവുന്നതാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ (എൻക്വയറി- 7/19.9.17) സ്വീകരിക്കേണ്ടതാണ്.

(എ) 2016-17 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1250/-നിരക്കിൽ സ്ഥാപന തൊഴിൽ നികുതി (1250 x 2 = 2500) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | BSNL നെടുമ്പാശ്ശേരി |
| 2 | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്നെടുമ്പാശ്ശേരി |

| | |
|---|---|
| 3 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് നെടുമ്പാശ്ശേരി |
| 4 | കാംകോ അത്താണി |
| 5 | യൂണിയൻ ബാങ്ക് അത്താണി |
| 6 | SBT അത്താണി |
| 7 | SBI നെടുമ്പാശ്ശേരി |
| 8 | എയർ ഇന്ത്യ ലിമിറ്റഡ്, നെടുമ്പാശ്ശേരി |
| 9 | കുവൈറ്റ് എയർവേയ്സ്,നെടുമ്പാശ്ശേരി |
| 10 | ഒമാൻ എയർവേയ്സ്, നെടുമ്പാശ്ശേരി |
| 11 | ഗോ എയർലൈൻസ് ലിമിറ്റഡ്, നെടുമ്പാശ്ശേരി |
| 12 | ശ്രീലങ്കൻ എയർലൈൻസ് ലിമിറ്റഡ്, നെടുമ്പാശ്ശേരി |
| 13 | സൗദി അറേബ്യൻ എയർലൈൻസ് ലിമിറ്റഡ് നെടുമ്പാശ്ശേരി |
| 14 | സിൽക്ക് എയർ ലിമിറ്റഡ് നെടുമ്പാശ്ശേരി |
| 15 | ഇൻഡിഗോ എയർ ലിമിറ്റഡ് നെടുമ്പാശ്ശേരി |
| 16 | ഖത്തർ എയർവേയ്സ് ലിമിറ്റഡ് നെടുമ്പാശ്ശേരി |

(ബി) പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷനെടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരിൽ നിന്നും ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ. നം | സ്ഥാപനം | ഉടമയുടെ പേര് | ജോലി ചെയ്യുന്നവരുടെ എണ്ണം | പാരാ മെഡിക്കൽ ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | വൃന്ദാവൻ റിട്രീറ്റ് ആയുർവേദ സെന്റർ മേയ്ക്കാട് | കൃഷ്ണൻ കുട്ടി സദാനന്ദൻ തൃശ്ശൂർ | ഡോക്ടർ-2 ജീവനക്കാർ- 4 | 1/16-17 |
| 2 | മെറിലാൻഡ് ആയുർവേദ ഹോസ്പിറ്റൽ മേയ്ക്കാട് | ഡോ.കെ. ശ്രീകുമാർ | ഡോക്ടർ- 1 ജീവനക്കാർ-4 | 21/16-17 |

(സി) പഞ്ചായത്തിൽ നിന്നും ഡി. ആൻഡ് ഒ. ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷയും രജിസ്റ്ററും പരിശോധിച്ചതിൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| ഹോട്ടൽ ലോട്ടസ് 8 എ പാർട്ട് | 10 |

(ഡി) 2016-17 വർഷം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1. വി.ഒ.ജോസ്,വിതായത്തിൽ, അയിരൂർ
2. പി.പി.ജോസ്, പൈനാടത്ത്, മല്ലുശ്ശേരി
3. കെ.എം.ജോസഫ്, കൂരൻ വീട്, പൊയ്ക്കാട്ടുശ്ശേരി
4. വിൽസൺ തോമസ്, പതിക്കുളങ്ങര, കാര്യാട്
5. കെ.ഡി.ദേവസിക്കുട്ടി, കിഴക്കേടത്ത്, ചമ്പന്നൂർ
6. പി.എ.ദേവസിക്കുട്ടി, പള്ളത്തുകടി, കാര്യാട്
7. കെ.കെ.ജോസ്, മാനേജിംഗ് പാർട്ടനർ, യുണൈറ്റഡ് കൺസ്ട്രക്ഷൻ കമ്പനി
8. കെ.ഐ.ഇട്ടീര, കോയിക്കൽ, പൊയ്ക്കാട്ടുശ്ശേരി
9. എ.ജി.സനിൽകുമാർ, അമ്പാടത്ത്, പറമ്പുശ്ശേരി

10. ക്ലിന്റോ.എം.എ, മുഞ്ഞേലി, ചമ്പന്നൂർ

## 2-4 കുറഞ്ഞ പലിശ നിരക്കിൽ സ്ഥിരനിക്ഷേപം നടത്തി-രൂ 75000നഷ്ടം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27-05-2016 ലെ തീരുമാനപ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ മാറ്റി ജില്ലാ സഹകരണ ബാങ്കിന്റെ അത്താണി ശാഖയിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രശീതി നമ്പർ 045185 പ്രകാരം 14-06-2016 മുതൽ ഒരു വർഷത്തേക്ക് 8.25% പലിശ നിരക്കിൽ 50 ലക്ഷം രൂപ ടി ബാങ്കിൽ നിക്ഷേപിച്ചിരുന്നു. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പരിശ കുറവായതിനാൽ തനത് ഫണ്ടിലേക്ക് കൂടുതൽ തുക മുതൽക്കൂട്ടുന്നതിനാണ് അപ്രകാരം തീരുമാനമെടുത്തത്. അർദ്ധവാർഷികമായി പലിശ കണക്കാക്കുന്ന ഈ നിക്ഷേപത്തിന് 14-12-16 ൽ 206250 രൂപ, 14-06-2017 ൽ 206250 രൂപ എന്നിങ്ങനെയായി ആകെ 4,12,500 രൂപ ലഭിച്ചിട്ടുണ്ട്.

അതേ സമയം, 29-04-2015 ലെ സർക്കാർ ഉത്തരവ് നമ്പർ 156/2015/ധന പ്രകാരം ഒരു വർഷത്തെ ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്ക് 01-05-2015 മുതൽ പ്രാബല്യത്തിലുള്ള നിരക്ക് 9% ആയിരുന്നു. മാത്രമല്ല, ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ കണക്കാക്കുന്നത് പ്രതിമാസമാണ്. തനത് ഫണ്ടിലേക്ക് കൂടുതൽ തുക മുതൽക്കൂട്ടാൻ കഴിയുന്ന തരത്തിൽ ഈ തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ, പ്രതിമാസ പലിശ എന്ന ആനുകൂല്യം നഷ്ടപ്പെടുത്തിയാൽ പോലും, പലിശയിനത്തിൽ 4,50,000 രൂപ ലഭിക്കുമായിരുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ മിച്ച ഫണ്ട് ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലും നിക്ഷേപിക്കാവുന്നതാണ്.

കാലാവധി പൂർത്തിയായതിനെത്തുടർന്ന് ഈ തുക 14-06-2017 ൽ ഇതേ ബാങ്കിൽ വീണ്ടും നിക്ഷേപിച്ചിട്ടുള്ളത് 7.75% പലിശനിരക്കിലാണ് (രശീതി നമ്പർ 047374 തീയതി 21-08-2017). സർക്കാർ ഉത്തരവ് നം. 25/2017/ധന തീയതി 21-02-2017പ്രകാരം ട്രഷറി സ്ഥിരനിക്ഷേപത്തിന് ഈ തീയതിയിൽ ബാധകമായ നിരക്ക് 8.50% ആണ്. അതായത്, പുനർ നിക്ഷേപം നടത്തിയപ്പോഴും തനത് ഫണ്ടിന് 37,500 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം കൂടുതൽ സാമ്പത്തികാനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് പകരം കുറഞ്ഞ പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപം നടത്തിയത് മൂലം രണ്ട് വർഷങ്ങളിലായി 75,000 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15-09-2017 ലെ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പലിശയിനത്തിൽ മുൻവർഷത്തേക്കാൾ കൂടുതൽ വരുമാനം ലഭിച്ചിട്ടുണ്ട് എന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. ഉയർന്ന പലിശ നിരക്കുള്ള ട്രഷറിയിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ പലിശയിനത്തിൽ ഇതിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുമായിരുന്നു എന്നാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്നത്. ആയതിനാൽ ഉത്തരവാദിത്വത്തോടെ സ്ഥിരനിക്ഷേപം നടത്താതിരുന്നത് മൂലം പലിശയിനത്തിൽ 2016-17 വർഷം പഞ്ചായത്തിന് നഷ്ടമായ 37500 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്നു വർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്ററർ പ്രകാരം 2016-17 ലെ നീക്കിയിരിപ്പു തുകയായ 78,75,062/- രൂപയിൽ 1994-95 മുതലുള്ള ഡെപ്പോസിറ്റുതുകകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. മൂന്നു വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റു തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ഇനം | നീക്കിയിരിപ്പ് | വർഷം |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 93,600 | 2003-04 മുതൽ |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 62,52,008 | 1994-95 മുതൽ |
| സപ്ലയേഴ്സ് ഇ.എം.ഡി | 1,43,342 | 2002-03 മുതൽ |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18,000 | 2016-17 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 2,07,600 | 2003-04 മുതൽ |
| ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 11,11,000 | 2009-10 മുതൽ |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 49,512 | 2016-17 |

| | | |
|---|---|---|
| ആകെ | 78,75,062 | |

## 2-6 അക്കൗണ്ട്സ് - അപാകതകൾ

പഞ്ചായത്തിന്റെ 2016-17വാർഷിക കണക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ള ചില ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ആശ്രയ ഫണ്ടിന്റെ യൂണിയൻ ബാങ്ക് അക്കൗണ്ടിന്റെ (നം 338202010014456) 31.03.2015 ലെ നീക്കിയിരിപ്പുതുകയായ 2599/- രൂപയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെ ടോട്ടൽ സാനിറ്റേഷൻ അക്കൗണ്ടിന്റെ (നം 281/4-എറണാകുളം ജില്ലാ സഹകരണ ബാങ്ക് അത്താണി) 31.03.2016 ലെ നീക്കിയിരിപ്പുതുകയായ 118043/- രൂപയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പണമിടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകളാണെങ്കിലും പലിശവരവ് കണക്കിലെടുക്കേണ്ടതായിരുന്നു.

ടി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബിറ്റുമിൻ വാങ്ങി നൽകിയ പ്രവൃത്തിയിൽ ഓവർഹെഡ് അനുവദിച്ചു - രൂ. 109573/- നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ ബിറ്റുമിൻ ഉപയോഗിച്ചുള്ള മരാമത്ത് പണികളിൽ പഞ്ചായത്ത് തന്നെയാണ് കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയിട്ടുള്ളത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഫൈനൽ ബില്ലിൽ നിന്നും കരാറുകാരന്റെ ലാഭം മാത്രം കുറവ് ചെയ്യുകയാണ് ചെയ്തത്.

ധനവകുപ്പിന്റെ 15-7-2016 ലെ 96/16 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബിറ്റുമിൻ വാങ്ങി നടപ്പാക്കുന്ന മരാമത്ത് പണികളുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭമോ, ഓവർഹെഡ് ചാർജ്ജോ കോസ്റ്റ് ഇൻഡക്സോ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ കരാറുകാരന്റെ ലാഭവും ഓവർഹെഡും ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ഈ പ്രവൃത്തികളിൽ കരാർ ലാഭം മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. തൻമൂലം താഴെ പറയും പ്രകാരം 109573/-രൂപ വിവിധ കരാറുകാർക്കായി അധികം നൽകാൻ ഇടയായിട്ടുണ്ട്. ഈ അധിക ചെലവ് ഓഡിറ്റിൽ അനുവദനീയമല്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര്/കരാറുകാരൻ | അളവ് പുസ്തകം | (എസ്റ്റിമേറ്റ് നിരക്കിൽ) ഉപയോഗിച്ച ബിറ്റുമിന്റെ വിവരം | | | | ഫൈനൽ ബില്ലിൽ കുറച്ചത് | | അധികം നൽകിയത് | ട്രഷറി ബിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ഇനം | അളവ്(kg) | നിരക്ക് | തുക | നിരക്ക് | തുക | | |
| 1 | 137/17 | മങ്ങടപ്പിള്ളി തേവർനട അമ്പലം റോഡ് മെറ്റലിംഗ് & ടാറിംഗ് ശ്രീ.കെ.എം.ജോസഫ് | 7/16-17 | S65 | 957.42 | 39.89 | 38191 | 36.27 | 34726 | 5465 | 9/16-17 28.01.17 |
| | | | | SS1 | 385.69 | 43.56 | 16801 | 39.60 | 15273 | | |
| | | | | RS1 | 124.78 | 41.69 | 5202 | 37.903 | 4730 | | |
| | | | | | | | **60194** | | **54729** | | |
| 2 | 85/17 | വി.വി.കൃഷ്ണൻ റോഡ് റീ ടാറിംഗ് ശ്രീ. പി.പി.ജോസ് | 92/16-17 | S65 | 1686.50 | 39.89 | 67274 | 36.27 | 61169 | 6705 | 15/16-17 28.01.17 |
| | | | | RS1 | 158.33 | 41.69 | 6601 | 37.903 | 6001 | | |
| | | | | | | | **73875** | | **67170** | | |
| 3 | 88/17 | അരീക്കൽ വിദ്യാധിരാജ റോഡ് റീടാറിംഗ് ശ്രീ.പി.പി.ജോസ് | 90/16-17 | S65 | 2411.89 | 39.69 | 96210 | 36.27 | 87479 | 9574 | 34/16-17 28.01.17 |
| | | | | RS1 | 222.75 | 41.69 | 9286 | 37.903 | 8443 | | |
| | | | | | | | **105496** | | **95922** | | |
| 4 | 84/17 | കാവ് കോന്നിക്കകടവ് റോഡ് റീടാറിംഗ് ശ്രീ.പി.പി.ജോസ് | 93/16-17 | S65 | 4053.05 | 39.89 | 161676 | 36.27 | 147004 | 16143 | 16/1-17 28.01.17 |
| | | | | RS1 | 388.31 | 41.69 | 16189 | 37.903 | 14718 | | |
| | | | | | | | **177865** | | **161722** | | |
| 5 | 150/17 | മൂത്തുഗ കുഴിപ്പള്ളം റോഡ് റീടാറിംഗ് ശ്രീ പി.എ.ദേവസ്സിക്കുട്ടി | 20/16-17 | S65 | 3918.69 | 39.89 | 156317 | 36.27 | 142131 | 15546 | 25/16-17 28.01.17 66/16-17 29.03.17 |
| | | | | RS1 | 359.10 | 41.69 | 14971 | 37.903 | 13611 | | |
| | | | | | | | **171288** | | **155742** | | |
| 6 | 133/17 | കുനിശ്ശേരി റോഡ് റീടാറിംഗ് ശ്രീ.എ.ജി.സനൽകുമാർ | 24/16-17 | S65 | 3530.28 | 39.89 | 140823 | 36.27 | 128043 | 14061 | 65/16-17 29.03.17 |
| | | | | RS1 | 338.13 | 41.69 | 14097 | 37.903 | 12816 | | |
| | | | | | | | **154920** | | **140859** | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 7 | 114/17 | വർണ്ണശാല ക്ലബ് റോഡ് രണ്ടാം മെറ്റലിംഗ് & ടാറിംഗ് ശ്രീ.കെ.ഡി.ദേവസിക്കുട്ടി | 8/16-17 | S65 | 1371.77 | 39.89 | 54720 | 36.27 | 49754 | 7832 | 21/16-17 28.01.17 43/16-17 04.03.17 |
| | | | | RS1 | 178.79 | 41.69 | 7454 | 37.903 | 6777 | | |
| | | | | SS1 | 552.61 | 43.56 | 24072 | 39.60 | 21883 | | |
| | | | | | | | **86246** | | **78414** | | |
| 8 | 89/17 | മുതലക്കടത്തുമന റോഡ് ഇൻഡസ്ട്രിയൽ റോഡ് റീ ടാറിംഗ് ശ്രീ.കെ.ഐ.ഇട്ടീര | 87/16-17 | S65 | 4161.60 | 39.89 | 166006 | 36.27 | 150941 | 16609 | 62/16-17 |
| | | | | RS1 | 360.09 | 41.69 | 15012 | 37.903 | 13468 | | |
| | | | | | | | **181018** | | **164409** | | |
| 9 | | അസീസ്സി പള്ളംകവല റോഡ് റീടാറിംഗ് W-14 ശ്രീ.എ.ജി.സനൽകുമാർ | 61/16-17 | S65 | 4274 | 39.89 | 170490 | 36.27 | 155018 | 17638 | 23/16-17 28.01.17 |
| | | | | RS1 | 571.87 | 41.69 | 23841 | 37.903 | 21675 | | |
| | | | | | | | **194331** | | **176693** | | |
| | | ആകെ | | | | | | | | **109573** | |

മേൽപ്പറഞ്ഞ പ്രകാരം ബിറ്റുമിൻ വാങ്ങി നൽകി നടപ്പാക്കിയ പ്രവൃത്തികളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഓവർഹെഡ് ചാർജ്ജ് അപഹരിച്ചതിനാൽ കരാറുകാർക്ക് അധികം നൽകിയ 109573/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വക്കീൽ ഫീസ്- ആദായനികുതി ഈടാക്കിയില്ല

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ. ജോർജ്ജ് സെബാസ്റ്റ്യന് 2016-17 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 67000/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21600038 | 12-04-16 | 11000 |
| 2 | 21600531 | 24-09-16 | 16000 |
| 3 | 21600629 | 19-10-16 | 8000 |
| 4 | 21600630 | 19-10-16 | 8000 |
| 5 | 21600840 | 27.12.16 | 8000 |
| 6 | 21600914 | 12.01.17 | 8000 |
| 7 | 21601127 | 21.02.17 | 8000 |
| ആകെ | | | 67000 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരമുള്ള ആദായനികുതി ടിയാളിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്നറിയാൻ നൽകിയ 23-09-2017 ലെ ഓഡിറ്റ് എൻക്വയറിക്ക് (നം.17) ഇതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വ. ജോർജ്ജ് സെബാസ്റ്റ്യന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 67000/- രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 6700/- രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 6700 രൂപ കേന്ദ്ര സർക്കാരിന് നഷ്ടമായിട്ടുണ്ട്. ഈ തുക അഡ്വ: ജോർജ്ജ് സെബാസ്റ്റ്യനിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

2016-17 വർഷം തെരുവ് വിളക്ക് ചാർജിനത്തിൽ 33,96,784/-രൂപ പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ 03.06.2016 ൽ അഡീഷണൽ ബില്ലായി 1,62,596/-രൂപയും അടവാക്കിയിരിക്കുന്നു. 12മണിക്കൂർ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 2,83,065/-രൂപ മാസനിരക്കിൽ പഞ്ചായത്തിൽ നിന്ന് ബോർഡ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതായത് ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന്

പകരം സ്ലാബടിസ്ഥാനത്തിലുള്ള എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ എത്രയാണോ ബേണിംങ് ചാർജ് ആയതിന്റെ തുക നല്കിയാൽ മതിയാകും. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ സമ്പ്രദായത്തിൽ ആക്കുന്നതിന് പഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളിൽ പ്രോജക്ട് മുഖാന്തിരം കേരള സംസ്ഥാന വൈദ്യുതി ബോർഡിലേക്ക് തുക നല്കിയിട്ടുണ്ടോയെന്നറിയാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം 12/23.09.17) ഇതിലേയ്ക്കായി നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

7.7.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-4 അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിനെ മറികടന്ന് ധനസഹായം നൽകി.

നെടുമ്പാശ്ശേരി പഞ്ചായത്തിൽ നിന്നും 2016-17 വർഷം വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അന്വേഷണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസറുടെ റിപ്പോർട്ടിന് വിരുദ്ധമായി ധനസഹായം അനുവദിച്ചതായി കാണുന്നു. വരുമാനം കൂടുതലായതിനാൽ അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്ന് ഈ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല അപേക്ഷയോടൊപ്പം സമർപ്പിച്ചതും അക്ഷയയിൽ നിന്നും നൽകുന്നതുമായ online വരുമാന സർട്ടിഫിക്കറ്റിൽ പിന്നീട് വില്ലേജ് ഓഫീസർ തന്നെ വരുമാനം തിരുത്തിയെഴുതിയതായും കാണുന്നു. ഇപ്രകാരം തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റും അപേക്ഷയും ഐ.സി.ഡി.എസ്. സൂപ്പർവൈസർ കണ്ടതായോ ധനസഹായം നൽകാമെന്ന് സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. ആയതിനാൽ ഏത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമല്ല.

മതിയായ രേഖകളുടേയും അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ നൽകപ്പെടുന്ന ഒരു സർട്ടിഫിക്കറ്റ് ഒരു സർക്കാർ ആനുകൂല്യത്തിനു വേണ്ടി സമർപ്പിക്കുകയും വരുമാനം കൂടുതലായതിനാൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തതിന് ശേഷം അതേ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ നിന്നും തിരുത്തി വാങ്ങുകയും അത് അന്വേഷണ ഉദ്യോഗസ്ഥയുടെ പരിശോധനയ്ക്ക് വിധേയമാക്കാതെ അതേ ആനുകൂല്യങ്ങൾ നൽകുവാൻ ഉപയോഗിക്കുകയും ചെയ്യുന്നത് ശരിയായ പ്രവണതയല്ല. ആയത് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ലീലാമ്മ ജോസഫ്, ഞാറയ്ക്കശാലി, വാപ്പാലശ്ശേരി | 30000 |
| 2 | കുഞ്ഞമ്മ കുര്യാക്കോസ്, കരിശിങ്കൽ വീട്, വാപ്പാലശ്ശേരി | 30000 |
| 3 | ലീലാമ്മ വർഗീസ്, മേനാച്ചേരി വീട്, മേയ്ക്കാട്. | 30000 |
| 4 | പ്രഭ സുബ്രമണ്യൻ, മാളിയേക്കൽ വീട്,മേയ്ക്കാട് | 30000 |

## 3-5 മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നം. | എസ്.0201/17 |

| | |
|---|---|
| അടങ്കൽ | രൂ.400000/- |
| വിഭാഗം | മെയിന്റനൻസ് ഗ്രാന്റ്,റോഡിതരം |
| ചെലവ് | 400000/- |
| ചെലവ് രേഖ | ബിൽ നം.1/2016-17 തീയ്യതി 30/11/2016 തുക 400000/- |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ചെലവുരേഖ പ്രകാരം ഔഷധിക്ക് പണം നൽകി മരുന്ന വാങ്ങിയതാണ് പ്രോജക്ട്. ഇതിനായി ചെലവ് ചെയ്തത് സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നമാണ്. പഞ്ചായത്തിന് 2016-17 വർഷം സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ ഉള്ള വരവ് 1361804/-രൂപ മാത്രമാണ്. ഇതിന്റെ പത്ത് ശതമാനം തുകയായ 136180 രൂപ മാത്രമാണ് മരുന്നകൾ വാങ്ങാൻ പരമാവധി ചെലവഴിക്കാൻ ചെലവഴിക്കാൻ പാടുള്ളൂ എന്നിരിക്കെ 263820/-രൂപ കൂടുതൽ ചെലവഴിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. നിയമാനുസൃതം ഫണ്ട് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2016-17 ൽ വിവിധ ഏജൻസികൾക്കായി താഴെ പറയുന്ന പദ്ധതികൾക്കായി 1302001/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വൗച്ചർ നം./ചെക്ക് | തുക |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 250/17 | ആവണംകോട് മണിയന്തറ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 13/03.03.17 | 200000 |
| | | | | | 55041, 03.03.17 | 30000 |
| 2 | സെക്രട്ടറി | ,, | 260/17 | വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 17/20.03.17 | 157000 |
| 3 | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ നെട്ടമ്പാശ്ശേരി | പ്രോജക്ട് ഓഫീസർ എസ്.എസ്.എ. | 106/17 | SSA വിഹിതം അടക്കൽ | 21600800/ 15.12.16 | 345001 |
| 4 | അസി.സെക്രട്ടറി | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 061/17 | PMAY വിഹിതം അടക്കൽ | 21600904/ 12.01.17 | 45000 |
| 5 | അസി.സെക്രട്ടറി | ,, | 035/17 | IAY വിഹിതം അടക്കൽ | 21601153/ 03.01.17 | 525000 |
| | ആകെ | | | | | **1302001** |

## 3-7 മരാമത്ത് പണികളിൽ മൽസരാധിഷ്ഠിത ടെണ്ടർ ലഭ്യമാവുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഏതാണ്ട് എൺപതോളം പ്രവൃത്തികളാണ് 2016-17 വർഷം ടെണ്ടർ ചെയ്തിട്ടുള്ളത്. അതിൽ ഈ-ടെണ്ടർ മുഖേന നടപ്പാക്കിയ രണ്ടെണ്ണം ഒഴികെയുള്ള മുഴുവൻ പ്രവൃത്തികളിലും രണ്ട് ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത്. അതിലൊന്ന് എസ്റ്റിമേറ്റ് നിരക്കിലുള്ളതും മറ്റൊന്ന് മിക്കവാറും 10% ശതമാനമെങ്കിലും അധികനിരക്കുള്ളതുമായിരിക്കും.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 11 (i), (ii), (iii) പ്രകാരം, ലഭിച്ച ടെണ്ടറുകളിലെ നിരക്കുകളിലെ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുന്ന സാഹചര്യത്തിലോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലോ പണി റീടെണ്ടർ ചെയ്യേണ്ടതാണ്. റീ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകളിലെ നിരക്കും സ്വീകാര്യമല്ലെന്ന് കാണുകയാണെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കുള്ള ടെണ്ടർ സമർപ്പിച്ച കരാറുകാരനുമായി പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതും അപ്രകാരം ലഭിക്കുന്ന ഓഫർ ചില വ്യവസ്ഥയ്ക്ക് വിധേയമായി സ്വീകരിക്കാവുന്നതുമാണ്. അതുമല്ലെങ്കിൽ, പഞ്ചായത്തിന് ഉചിതമെന്ന് തോന്നുന്ന പക്ഷം ഏതൊരു പൊതുമരാമത്ത് പണിയും സർക്കാർ അംഗീകൃതവും സാമ്പത്തികക്ഷമതയുള്ളതും പ്രവൃത്തി പരിചയമുള്ളതുമായ ഒരു സ്ഥാപനത്തെ ഏൽപ്പിക്കാവുന്നതുമാണ്.

എന്നാൽ, ഒരു പ്രവൃത്തിയിൽ പോലും മൽസരാധിഷ്ഠിത ടെണ്ടർ ലഭിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയാത്ത എൺപതോളം ടെണ്ടർ നടത്തിയിട്ടും മേൽപ്പറഞ്ഞപ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറായിട്ടില്ല. ഒരു പ്രവൃത്തി പോലും റീടെണ്ടർ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്തൃസമിതി മുഖേന ഒരു പ്രവൃത്തി പോലും നടപ്പാക്കിയിട്ടില്ല. ചട്ടം 12 പ്രകാരം പഞ്ചായത്തിന് നേരിട്ട് പൊതുമരാമത്ത് പണി നടത്താനുള്ള

അനുമതിയുണ്ടെങ്കിലും അത്തരം സാധ്യതയും പരിശോധിച്ചിട്ടില്ല.

ഒരു ടെണ്ടർ പോലും എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിൽ പോകാൻ അനുവദിക്കാത്ത തരത്തിൽ കരാറുകാർ കൂടിയാലോചന നടത്തുന്നുണ്ടെന്ന് മനസ്സിലാക്കി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പോലുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളെ മരാമത്ത് പണികൾ ഏൽപ്പിക്കുന്നത് സംബന്ധിച്ചും ഭരണസമിതിക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. വിഷയത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ബയോഗ്യാസ് കമ്പോസ്റ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ബയോഗ്യാസ് കമ്പോസ്റ്റ്, ബക്കററ് കമ്പോസ്റ്റ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി 15.03.2017ൽ പാലക്കാടുള്ള IRTC എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും സ്ഥാപനം രണ്ടു പദ്ധതികൾക്കും കൂടി 200 രൂപാ മുദ്രപത്രത്തിൽ ഉടമ്പടി ചെയ്യുകയും ചെയ്തു. വി.ഇ.ഒ 22.03.17നകം 96 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം 2,88,000 രൂപ പ്രസ്തുത സ്ഥാപനത്തിന് ആദ്യ ഗഡുവായി 28.07.2017 തീയതിയിൽ അനുവദിക്കുകയും ചെയ്തു. അതിനെ തുടർന്ന് 28 ബയോഗ്യാസ് കമ്പോസ്റ്റ് യൂണിറ്റുകൾ 18.08.2017ൽ സ്ഥാപനം വിതരണം ചെയ്തു. ഉടമ്പടി പ്രകാരം സ്ഥാപനം വിലയുടെ 20% കൈപ്പററി ബയോഗ്യാസ് കമ്പോസ്റ്റ് യൂണിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് സ്ഥാപിച്ച് നൽകേണ്ടതാണ്. എന്നാൽ സ്ഥാപനം ഇന്നേ വരെ 28 ബയോഗ്യാസ് കമ്പോസ്റ്റ് യൂണിറ്റുകൾ വി.ഇ.ഒ.യുടെ ഓഫീസുവരെ എത്തിക്കുക മാത്രമാണ് ചെയ്തത് എന്ന് അറിയുന്നു. സ്ഥാപനം ഗുണഭോക്താക്കൾക്ക് സ്ഥാപിച്ചു നൽകുകയോ ഓർഡർ പ്രകാരമുളള മുഴുവൻ യൂണിറ്റുകളും നൽകുകയോ ചെയ്തിട്ടില്ല. കരാറിൽ ഉടമ്പടി ചെയ്തതുപ്രകാരമുള്ള മുഴുവൻ യൂണിറ്റുകളും ഗുണഭോക്താക്കൾക്ക് സ്ഥാപിച്ച് നൽകേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-9 ആശ്രയ-പദ്ധതി - തുടർ നടപടികൾ സംബന്ധിച്ച്

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ 2005 ൽ ആരംഭിച്ച ആശ്രയ-പദ്ധതിയിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി 2014 ൽ നടത്തിയ സർവ്വെ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കേണ്ടതായ 77 കുടുംബങ്ങൾ ഉള്ളതായി കാണുന്നു. 2015-16 സാമ്പത്തിക വർഷത്തിനുള്ളിൽ അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. 2016-17 സാമ്പത്തിക വർഷം നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആശ്രയ ഗുണഭോക്താക്കൾക്കായി പദ്ധതി വിഹിതം വകയിരുത്തിയിട്ടില്ല. 2014ലെ സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി വിഭാവനം ചെയ്തതുപ്രകാരം അവർ അർഹിക്കുന്ന സേവനം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഹോമിയോ ഡിസ്പെൻസറി - മരുന്ന് ലഭിച്ചിട്ടില്ല

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 8.2.17 ൽ ഡി.ഡി.നം.149729/31.1.17 പ്രകാരം 1,50,000 രൂപ ഹോംകോർപ്പിന് (കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ) നൽകി. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. മരുന്നിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

## 3-11 ജലനിധി പ്രോജക്ട് നിശ്ചലാവസ്ഥയിൽ

പ്രോജക്ട് നം : 253/17

പ്രോജക്ടിന്റെ പേര് : ജലനിധി- പഞ്ചായത്ത് വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ട്രഷറി ബിൽ നം : 14/03.03.17- 10,00,000/-

കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ പ്രോജക്ട് (ജലനിധി II) ഈ പഞ്ചായത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ് (പഞ്ചായത്ത് കമ്മിറ്റിയുടെ 13.01.2017 ലെ 7-ാം നമ്പർ തീരുമാനം). കാഞ്ഞൂർ, ചെങ്ങമനാട്, ശ്രീമൂലനഗരം, നെടുമ്പാശ്ശേരി എന്നീ 4 പഞ്ചായത്തുകൾ ഉൾപ്പെട്ട സംയുക്ത പദ്ധതിയാണിത്. ജലനിധി പദ്ധതി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.12.2017 ലെ 0724/OP/16/KRWSA നം ഉത്തരവ് പ്രകാരം പഞ്ചായത്ത് വിഹിതത്തിന്റെ ആദ്യ ഗഡുവായി 10,00,000/-രൂപ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കാൻ

നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് മേൽ പ്രോജക്റ്റിൽ തുക വകയിരുത്തുകയും തുക പിൻവലിച്ച് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ (നം 67394213263, എസ്.ബി.ഐ അത്താണി ) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 എ.ബി.സി. പ്രോജക്റ്റ്-നായകൾക്ക് കൂട് നിർമ്മാണം - പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം : 231/17

പ്രോജക്റ്റിന്റെ പേര് : എ.ബി.സി. പ്രോജക്റ്റ്-നായകൾക്ക് കൂട് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ആകെ അടങ്കൽ : 1,00,000 (തനതു ഫണ്ട്)

ചെലവായ തുക : 94,836/- ( ചെക്ക് നം 55982/31.03.17-94836/-)

തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് അവയുടെ പ്രജനന നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അനിമൽ ബെർത്ത് കൺട്രോൾ പ്രോജക്റ്റിന്റെ (എ.ബി.സി. പ്രോജക്റ്റ്) ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണിത്. നായകളെ പിടിച്ചുകൊണ്ടുവരാൻ ഇരുമ്പിന്റെ കൂടുകൾ നിർമ്മിച്ച് പഞ്ചായത്തിൽ കൂട്ടിയിട്ടിരിക്കുന്നതല്ലാതെ ഒരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ചെലവാക്കിയ തുക മുഴുവനും കൂട് നിർമ്മിച്ച് നൽകിയ വ്യക്തിക്ക് നൽകിയിട്ടുള്ളതാണ്. പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| 1 | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 8012 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 8012 | 0 |
| 2 | " | " | 155000 | പാലിയേറ്റീവ് കെയർ | 100000 | 55000 |
| 3 | " | " | 250000 | മാലിന്യസംസ്കരണം | 0 | 250000 |
| 4 | " | " | 100000 | പാലിന് സബ്സീഡി | 0 | 100000 |
| 5 | ജില്ലാ പഞ്ചായത്ത് | " | 26478 | നെൽകൃഷിക്ക് സബ്സിഡി | 26478 | 0 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | ആവണംതോട് -മണിയന്തറ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 13 /03.03.17 | 200000 | 0 | 230000 |
| | | 55041 03.03.17 | 30000 | 0 | |
| കേരളവാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 17/ 20.03.17 | 157000 | 0 | 157000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2016-17 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിലെ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 63135/DB1 /09/LSGD 29.10.09 | 15450000 | 6600 | 0 | 0 | 6600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 50,00,000 |
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥിരനിക്ഷേപ രസീത് നമ്പർ, തീയതി | ബാങ്ക് | തുക |
|---|---|---|---|
| 1 | 045185/14.06.2016 | എറണാകുളം ജില്ലാ സഹകരണ ബാങ്ക്, അത്താണി | 50,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 2013-14 & 2014-15 | 3-1 | 9,15,381 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 11604500014/20.05.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2006-07 | 3.29, 4.23, 39.4.3 | ഡെപ്പോസിറ്റ് അടച്ചത് പൂർത്തീകരണം | പൂർത്തീകരണം ലഭിച്ചിട്ടുണ്ട് |
| 2011-12 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2011-12 | 3.1(1), 2 | കാർഷിക വിജ്ഞാന കേന്ദ്രം | ഖണ്ഡികയിൽ പരാമർശിക്കുന്ന ടച്ച് സ്ക്രീനും യോഗ്യസ്ഥലവും ഉണ്ട് |
| 2013-14 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2013-14 | 5.2.4.14 | സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് | പി.ടി.എ. യുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,02,96,723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,14,93,158 |
| വരവിനങ്ങളിലുള്ള നഷ്ടം | 77539 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 109573 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1396837 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)
.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിലെ നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 5984 | | 1) ശ്രീ. മിജോയ് മൈക്കിൾ, സെക്രട്ടറി |
| | | | 2) ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി |
| 2-2 | 34055 | | ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി |
| 2-4 | 37500 | | ശ്രീ. മിജോയ് മൈക്കിൾ, സെക്രട്ടറി |
| 3-1 | | 109573 | ശ്രീമതി സീജ കെ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | 77539 | 109573 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 387000 | ശ്രീ.ടി.കെ.സന്തോഷ്, സെക്രട്ടറി |
| | 345001 | ശ്രീമതി.വനജ പി.എം., ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. |

| | | |
|---|---|---|
| | 570000 | ശ്രീ.ടി.കെ.സന്തോഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 94836 | ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി |
| | 1396837 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6700 | ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.കെ.സന്തോഷ്, സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | തേരമഠത്തിക്കുടി വീട്, മുടക്കുഴ പി.ഒ., മുടക്കുഴ |
| മിജോയ് മൈക്കിൾ പി. | സെക്രട്ടറി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | പുത്തേഴത്ത് വീട്, ഗോതുരുത്ത് പി.ഒ. വടക്കൻ പറവൂർ |
| സീജ കെ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പനഞ്ചിക്കൽ വീട്, കിടങ്ങൂർ പി.ഒ., അങ്കമാലി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി3) 1504/99 / 19.07.2000 |
| 1997-98 | |
| 1998-99 | എൽ എഫ് ഇ (പി3) 1086/03 / 31.03.04 |
| 1999-2000 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2000-01 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2001-02 | എൽ എഫ് ഇ (പി3)11091/04 / 04.07.05 |
| 2002-03 | എൽ എഫ് ഇ (പി3) 747/05 / 15.06.06 |
| 2003-04 | എൽ എഫ് ഇ (പി3) 824/06 / 31.10.2007 |
| 2004-05 | എൽ എഫ് ഇ (പി3) 825/09 / 09.03.10 |
| 2005-06 | എൽ എഫ് ഇ (പി3) 826/09 / 09.03.2010 |
| 2006-07 | എൽ എഫ് ഇ (പി3) 827/09 / 09.03.2010 |
| 2007-08 | എൽ എഫ് ഇ (പി3) 214/11 / 13.12.11 |
| 2008-09 | എൽ എഫ് ഇ (പി3) 215/11 / 13.12.11 |
| 2009-10 | എൽ എഫ് ഇ (പി3) 216/11 / 13.12.11 |
| 2010-11 | എൽ എഫ് ഇ (പി3) 2101/11 / 05.01.2011 |

| | |
|---|---|
| 2011-12 | എൽ എഫ് ഇ (പി3) 29/13 / 03.02.2014 |
| 2012-13 | എൽ എഫ് ഇ (പി11)540/15 / 10.04.2015 |
| 2013-14<br>2014-15 | കെ.എസ്.എ.ഇ.കെ.എം (പി11)1785/15/<br>24.11.2015 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി11)1907/16<br>/30.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1

നം. കെ.എസ്.എ -ഇ.കെ.എം(പി.11) 1965/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
പിൻ – 682030
ഫോൺ 0484-2422271
ഇ മെയിൽ – doekm.ksad@kerala.gov.in

തീയതി: 12/10/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-6ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

.

APPENDIX 1

No. KSA-EKM(P11)1965/2017

Kerala State Audit Department,
District Audit Office, Ernakulam.
Civil Station, Kakkanadu
Pin – 682030
E-Mail : doekm.ksad@kerala.gov.in
Date: 12/10/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nedumbassery Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nedumbassery Gramapanchayath for the year 2016-17 except the observations in Para 2-6 of my audit report properly presents the picture of income and expenditure.

.

Deputy Director